# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 755 28.09.2011-ൽ മറുപടിയ്ക്ക്

## ഭാരതപ്പുഴയിൽ റഗുലേറ്ററുകളും തടയണകളും നിർമ്മിക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.പി.മുഹമ്മദ് | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |
| ഭാരതപ്പുഴയിൽ ഓങ്ങല്ലൂർ - ചെങ്ങണാംകുന്നിലും പട്ടാമ്പിയിലും റഗുലേറ്ററുകളും കുന്തിപ്പുഴയിൽ കുഴക്കല്ലൂർ നാട്യമംഗലം, വിളയൂർ പാറക്കടവ്, തിരുവേഗപ്പുറ, മപ്പാട്ടുകര എന്നിവിടങ്ങളിൽ തടയണകളും നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ? | ഭാരതപ്പുഴയ്ക്കു കുറുകെ ഓങ്ങല്ലൂർ പഞ്ചായത്തിൽ ചെങ്ങണാംകുന്നിലും, കുന്തിപ്പുഴ-(തൂതപ്പുഴ)ക്കു കുറുകെ കുഴക്കല്ലൂർ പഞ്ചായത്തിലെ നാട്യമംഗലം-തോണിക്കടവ് എന്ന സ്ഥലത്തും, വിളയൂർ പഞ്ചായത്തിൽ പാറക്കടവ് എന്ന സ്ഥലത്തും ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനാവശ്യമായ ഡിസൈൻ ലഭ്യമാക്കുന്നതിനായി ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി, തിരുവനന്തപുരത്തിന് ഇവയുടെ സ്കീം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.<br>ഭാരതപ്പുഴക്കു കുറുകെ പട്ടാമ്പി കോസ്‌വേക്കു മുകളിലായി ചെക്ക്ഡാം/ റഗുലേറ്റർ നിർമ്മാണത്തിനുള്ള പര്യവേഷണ പ്രവർത്തികൾ പൂർത്തീകരിച്ച് രൂപരേഖ തയ്യാറാക്കുന്നതിനുള്ള സ്കീം റിപ്പോർട്ടും, തൂതപ്പുഴക്കു കുറുകെ മപ്പാട്ടുകര എന്ന സ്ഥലത്ത് ചെക്ക്ഡാം നിർമ്മിക്കുന്നതിനുള്ള സ്കീം റിപ്പോർട്ടും തയ്യാറായി വരുന്നു.<br>തൂതപ്പുഴക്കു കുറുകെ തിരുവേഗപ്പുറയിൽ രണ്ട് ചെക്ക്ഡാമുകൾ നിർമ്മിക്കുന്നതിനുള്ള പര്യവേഷണ പ്രവർത്തികൾക്കുള്ള |

എസ്റ്റിമേറ്റിന് SOR 2010 പ്രകാരം 17 ലക്ഷം രൂപയാകും. എസ്റ്റിമേറ്റ് പുതുക്കിയ SOR 2010 പ്രകാരം റിവൈസ് ചെയ്തശേഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പര്യവേഷണ നടപടികൾ പൂർത്തീകരിക്കുന്നതും, ആയതനുസരിച്ച് തയ്യാറാക്കുന്ന Feasibility റിപ്പോർട്ട് പ്രകാരം നടപടികൾ സ്വീകരിക്കുന്നതുമാണ്.

സെക്ഷൻ ഓഫീസർ